സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ഡ്രൈവർ-കം-ആഫീസ് അറ്റൻഡന്റ് ഗ്രേഡ് -2 തസ്തികയിലേക്കുള്ള ബൈട്രാൻസ്ഫർ നിയമനം - ശമ്പളം ചെലവെഴുതുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 11332/23/Est-II** നന്തൻകോട്, **02/12/2023**

---

പരാമർശം :- 1) 31-03-2023 ലെ ROC 7373/22/Est-1 നമ്പർ ബോർഡുത്തരവ്.
2) 02-11-2023 ലെ മേൽ നമ്പർ ബോർഡുത്തരവ്.
3) ചീഫ് എഞ്ചിനീയറുടെ 04-11-2023 ലെ CE/Est-II/GL/2023/05 നമ്പർ നടപടി ഉത്തരവ്.
4) WP(C) 36827/2023 (C) നമ്പർ കേസ്സിന്മേൽ ബഹു: ഹൈക്കോടതി 07-11-2023 ൽ പുറപ്പെടുവിച്ച വിധിന്യായം.
5) ശ്രീ. ബി. വിജയകുമാർ മുതൽപേർ സമർപ്പിച്ച അപേക്ഷ.
6) അസിസ്റ്റന്റ് ലാ ആഫീസറുടെ 28-11-2023 ലെ റിമാർക്സ്.

## ഉത്തരവ്

ലോപെയ്ഡ് ജീവനക്കാരിൽ നിന്നും ഡ്രൈവർ-കം-ആഫീസ് അറ്റൻഡന്റ് ഗ്രേഡ് -2 തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട പരാമർശം (1), (2) ബോർഡുത്തരവുകളുടെ അടിസ്ഥാനത്തിൽ 11 പേരെ ഡ്രൈവർ-കം-ആഫീസ് അറ്റൻഡന്റ് ഗ്രേഡ് -2 തസ്തികയിൽ പ്രൊവിഷണലായി നിയമിച്ച് ചീഫ് എഞ്ചിനീയർ ഉത്തരവ് പുറപ്പെടുവിച്ചു (പരാമർശം -3).

ടി വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. വിബിൻ. കെ. പവിത്രൻ മുതൽപേർ ഫയൽ ചെയ്ത ഹർജിയിന്മേൽ ബഹു: ഹൈക്കോടതി 07-11-2023 ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ചീഫ് എഞ്ചിനീയറുടെ പരാമർശം (3) നടപടി ഉത്തരവ് 3 ആഴ്ചത്തേക്ക് സ്റ്റേ ചെയ്തുകൊണ്ട് ഉത്തരവായി (പരാമർശം -4).

ബഹു: ഹൈക്കോടതി പരാമർശം (4) വിധിന്യായം പുറപ്പെടുവിക്കുന്നതിന് മുമ്പായി ചീഫ് എഞ്ചിനീയറുടെ പരാമർശം (3) നടപടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡ്രൈവർ-കം-ആഫീസ് അറ്റൻഡന്റ് ഗ്രേഡ് -2 തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിരുന്നതായും പരാമർശം (3) ഉത്തരവ് സ്റ്റേ ചെയ്തുകൊണ്ട് ബഹു: ഹൈക്കോടതി വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ഡ്രൈവർ-കം-ആഫീസ് അറ്റൻഡന്റ് ഗ്രേഡ് -2 തസ്തികയുടെ ശമ്പളം ചെലവെഴുതുന്നതിൽ അവ്യക്തത

(...2)

നിലനിൽക്കുന്നതായും ആകയാൽ ടിയാളുകൾക്ക് ശമ്പളം ചെലവെഴുതുന്നത് സംബന്ധിച്ച് ഉത്തരവുണ്ടാകണമെന്നും വിവരിച്ച് ശ്രീ. ബി. വിജയകുമാർ മുതൽപേർ അപേക്ഷ സമർപ്പിച്ചു (പരാമർശം –5).

ആയതിന്മേൽ നിയമ വിഭാഗത്തിന്റെ റിമാർക്സ് ലഭ്യമാക്കി (പരാമർശം –6).

ബഹു: ഹൈക്കോടതിയുടെ പരാമർശം (4) വിധിന്യായപ്രകാരം ടിയാളുകൾക്ക് ഡ്രൈവർ–കം–ആഫീസ് അറ്റൻഡന്റ് ഗ്രേഡ് –2 തസ്തികയിലെ ശമ്പളം ചെലവെഴുതി നൽകാൻ സാധിക്കുകയില്ലായെന്നും പരാമർശം (3) സ്റ്റേ ചെയ്തുകൊണ്ട് ബഹു: ഹൈക്കോടതി വിധിന്യായം പുറപ്പെടുവിക്കുന്നതിന് മുമ്പായി ജീവനക്കാർ ജോലിയിൽ പ്രവേശിച്ചിരുന്നതായി ബഹു: ഹൈക്കോടതിയെ അറിയിക്കേണ്ടതാണെന്നും ഡ്രൈവർ–കം–ആഫീസ് അറ്റൻഡന്റ് ഗ്രേഡ് –2 തസ്തികയിലെ ശമ്പളം ചെലവെഴുതുന്നതിലേക്കായി മേൽ വിവരം കൂടി ഉൾപ്പെടുത്തി ബഹു: ഹൈക്കോടതയിൽ പെറ്റീഷൻ ഫയൽ ചെയ്യേണ്ടതാണെന്നും അസിസ്റ്റന്റ് ലാ ആഫീസർ റിമാർക്സിൽ വിവരിച്ചിട്ടുള്ളതാണ്.

പരാമർശം (5) അപേക്ഷ, പരാമർശം (6) റിമാർക്സ് എന്നിവ ബോർഡ് പരിശോധിച്ചു.

ഡ്രൈവർ–കം–ആഫീസ് അറ്റൻഡന്റ് ഗ്രേഡ് –2 തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനം നൽകിയതുമായി ബന്ധപ്പെട്ട് ബഹു: ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതും ആയതിന്മേൽ ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (4) വിധിന്യായത്തിൽ പ്രസ്തുതത ബൈട്രാൻഫർ നിയമനം 3 ആഴ്ചത്തേക്ക് സ്റ്റേ ചെയ്ത് ഉത്തരവായിട്ടുള്ളതുമായ സാഹചര്യത്തിൽ പരാമർശം (3) പ്രകാരം ഡ്രൈവർ–കം–ആഫീസ് അറ്റൻഡന്റ് ഗ്രേഡ് –2 തസ്തികയിൽ പ്രൊവിഷണലായി ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് ബൈട്രാൻസ്ഫർ നിയമനം അനുവദിക്കുന്നതിന് മുൻപ് നൽകി വന്നിരുന്ന വേതനം ചെലവെഴുതുന്നതിന് ബോർഡുത്തരവാകുന്നു.

ഡ്രൈവർ–കം–ആഫീസ് അറ്റൻഡന്റ് ഗ്രേഡ് –2 തസ്തികയിൽ ബൈട്രാൻസ്ഫർ മുഖേന ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് ടി തസ്തികയിലെ ശമ്പളം ചെലവെഴുതുതാത്തത് സംബന്ധിച്ച വിവരം കൂടി ഉൾപ്പെടുത്തി ഇതുമായി ബന്ധപ്പെട്ട് ബഹു: ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ്സിന്മേൽ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിന് നിയമ വിഭാഗത്തെ ചുമതലപ്പെടുത്തുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

(...3)

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ
3. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
4. ലാ ആഫീസർ
5. ഡയറക്ടർ, സാംസ്ക്കാരിക-പുരാവസ്തു വിഭാഗം
6. അക്കൗണ്ട്സ് സെക്ഷൻ, ബോർഡ് ആഫീസ്
7. ഐ.റ്റി. സെക്ഷൻ
8. അപേക്ഷകർക്ക്
9. സെക്ഷൻ ഫയൽ
10. ഫയൽ ബുക്ക്
11. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK